ദീപിക ജില്ലാവിശേഷം 2011 ഒക്ടോബർ 18 ചൊവ്വ

# തെങ്ങു കയറാൻ 'ചങ്ങാതിക്കൂട്ടങ്ങൾ'



തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയുടെ ഭാഗമായി മണക്കടവിനടുത്ത കാരിക്കയത്തു നടക്കുന്ന തെങ്ങുകയറ്റ പരിശീലനം.

ആലക്കോട്: നാളികേരകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ കേര വികസന ബോർഡിന്റെ നേതൃത്വത്തിൽ പരിശീലനം നേടിയ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടങ്ങൾ' നാടെങ്ങും സാന്നിധ്യമറിയിച്ചുതുടങ്ങി.

തെങ്ങുകയറ്റം, രോഗബാധ തടയുന്നതിനുള്ള മാർഗങ്ങൾ, വിളവെടുപ്പ്, കൃത്രിമ പരാഗണ സങ്കരവിദ്യകൾ, വിത്ത് തേങ്ങാ ശേഖരണം തുടങ്ങിയ കാര്യങ്ങളിൽ പ്രായോഗിക പരിശീലനം നൽകിയാണു ചങ്ങാതിക്കൂട്ടങ്ങളെ ഒരുക്കുന്നത്.

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ചങ്ങാതിക്കൂട്ടത്തിന്റെ പരിശീലനം ഉദയഗിരി പഞ്ചായത്തിലെ മണക്കടവിനടുത്ത കാരിക്കയത്താണു നടക്കുന്നത്. പുരുഷന്മാർക്കൊപ്പം സ്ത്രീകളും ക്ലാസുകളിൽ പങ്കെടുക്കുന്നു. ആറു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന ക്ലാസുകളിൽ ചർച്ചകൾ, വിദഗ്ധരുടെ ക്ലാസുകൾ, കായികശേഷി വർധിപ്പിക്കാനുള്ള പരിശീലനം, നൂതന കൃഷിരീതികളെക്കുറിച്ചുള്ള ക്ലാസുകൾ, ജൈവകൃഷിരീതി തുടങ്ങിയവയ്ക്കാണു പ്രാധാന്യം നൽകിയിട്ടുള്ളത്. ഇരുപതു പേർ വീതമുള്ള മൂന്ന് ബാച്ചുകൾ ഇതിനോടകം പരിശീലനം പൂർത്തിയാക്കി തൊഴിൽ രംഗത്ത് സജീവമായിക്കഴിഞ്ഞു. ഓരോ ജില്ലയിലും ഒരു വർഷത്തിനകം അഞ്ഞൂറ് പേർക്കു ഈവിധം പരിശീലനം നൽകും.

പരിശീലനം കഴിയുന്നവർക്ക് ഗ്രൂപ്പ് ഇൻഷുറൻസ്, സ്റ്റൈപെൻഡ്, സൗജന്യമായി തെങ്ങുകയറ്റ യന്ത്രം, സർട്ടിഫിക്കറ്റ് എന്നിവയ്ക്കുപുറമേ, ബൈക്ക്, മൊബൈൽ ഫോൺ എന്നിവ വങ്ങാൻ 25 ശതമാനം സബ്സിഡിയും നൽകുന്നുണ്ട്. പരിശീലനം ലഭിച്ചവരെ അതത് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ തെങ്ങിനെക്കുറിച്ചുള്ള സമസ്ത കാര്യങ്ങളിലും അറിവും ശേഷിയുമുള്ള തൊഴിൽസേനയാക്കിയും കേര കർഷകരുടെ ചങ്ങാതിമാരാക്കിയും മാറ്റുമെന്നു നാളികര വികസന ബോർഡിന്റെ ഫീൽഡ് ഓഫീസർ കെ.എം. വിജയൻ പറഞ്ഞു. സ്ഥിരമായ തൊഴിലും വരുമാനവും പരിശീലനം ലഭിക്കുന്നവർക്ക് ഉറപ്പാക്കും.